# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1949** **22.01.2014-ലെ മറുപടിക്ക്**

## <u>ഡെപ്യൂട്ടേഷൻ നിയമനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ബഹു. മുഖ്യമന്ത്രി**<br>**ശ്രീ. ഉമ്മൻ ചാണ്ടി** |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ക്ഷേമനിധിബോർഡുകൾ, അതോറിറ്റികൾ, കമ്മീഷനുകൾ എന്നിവിടങ്ങളിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ നിയമനം റദ്ദ് ചെയ്യുകയോ, ഡെപ്യൂട്ടേഷൻ നീട്ടികൊടുക്കാതിരിക്കുകയോ ചെയ്യുന്നത് സർക്കാർ തീരുമാന പ്രകാരമാണോയെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാനത്ത് ക്ഷേമനിധിബോർഡുകൾ, അതോറിറ്റികൾ, കമ്മീഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനങ്ങൾക്കും, കാലാവധി നീട്ടി നൽകുന്നതിനും 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/2013/ധന എന്നീ ഉത്തരവുകൾ മുഖേന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കു പകരം ദിവസക്കൂലിക്കാരെ കരാർ നിയമനങ്ങളിലൂടെ ജോലിക്ക് പ്രവേശിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | ഇല്ല. |
| (സി) | കരാർ നിയമനത്തിന്റെ പേരിൽ അഴിമതിയും മറ്റ് ക്രമക്കേടുകളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | ഇല്ല. |
| (ഡി) | എങ്കിൽ ഡെപ്യൂട്ടേഷൻ ഒഴിവുകളിൽ നിർബ്ബന്ധമായും സർക്കാർ സർവ്വീസിലുള്ള ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ